## പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 971** **20/03/2012 ൽ മറുപടിക്ക്**

## അദ്ധ്യാപകർക്ക് പരിശീലന കാലയളവിൽ ആനുകൂല്യങ്ങൾ നൽകാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ശ്രീ. ആർ. രാജേഷ്: | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പൊതു വിദ്യാഭ്യാസ വകുപ്പിൽ നിയമനം ലഭിച്ച അൺ ട്രയിൽഡ് എൽ.പി. എസ്.എ./യു.പി.എസ്.എ. മാർക്ക് ടി.ടി.സി./ബി.എഡ് യോഗ്യത നേടുന്നതിനുള്ള പരിശീലന കാലയളവിൽ വേതനവും ആനുകൂല്യങ്ങളും നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | വേതനവും ആനുകൂല്യങ്ങളും നൽകാതിരിക്കാൻ എന്തെങ്കിലും സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; | ബി) | ഇല്ല. |
| സി) | പ്രസ്തുത അദ്ധ്യാപകർക്ക് പരിശീലന കാലയളവിൽ വേതനവും ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച് 7.3.1984 തീയതിയിലെ ജി.ഒ. (എം.എസ്) 42/84 ഉത്തരവ് നിലവിലുണ്ടോ; | സി) | ഉണ്ട്. |
| ഡി) | ഉണ്ടെങ്കിൽ പരിശീലനം പൂർത്തിയായവർക്കും പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുമായ മേൽ വിവരിച്ച അദ്ധ്യാപകർക്ക് വേതനവും ആനുകൂല്യവും നൽകാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | ഡി) | 18.09.2007 ലെ സർക്കാർ കത്ത് നം. 14902/പി3/07/പൊ.വി.വ പ്രകാരം 11.05.2005 ലെ സർക്കാർ ഉത്തരവ് (പി) 217/2005/ധന. നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥ ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ പരിശീലനത്തിന് പോകുന്നവർക്കും ബാധകമാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഇതനുസരിച്ചാണ് ഇത്തരം ജീവനക്കാർക്ക് പരിശീലന കാലത്ത് ആനുകൂല്യങ്ങൾ നൽകാതെ വന്നത്. |

(.....2)

| | | | |
|---|---|---|---|
| ഇ) | പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ? | ഇ) | ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ